പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.36 — 27-02-2018-ലെ മറുപടിക്ക്

**ചോദ്യം** — **ഉത്തരം**

ശ്രീ.ഇ.പി. ജയരാജൻ
ശ്രീ.ജോർജ് എം. തോമസ്
ശ്രീ.സി.കെ. ഹരീന്ദ്രൻ
ശ്രീ.എം. സ്വരാജ്

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**കേന്ദ്ര സാമ്പത്തികനയം സാധാരണക്കാരെ ബാധിക്കാതിരിക്കാനായി ഇടപെടൽ**

| | | |
|---|---|---|
| (എ) | രാജ്യത്തെ സാമ്പത്തിക വളർച്ചയിൽ ഇടിവുണ്ടാകുമ്പോഴും സമ്പന്നരുടെ എണ്ണത്തിൽ വർദ്ധനവിന് കാരണമാകുന്ന കേന്ദ്ര സർക്കാരിന്റെ മുതലാളിത്ത വികസന നയത്തിന്റെ ദോഷഫലം സംസ്ഥാനത്തെ സാധാരണക്കാരെ ബാധിക്കാതിരിക്കാനായി ആവിഷ്ക്കരിച്ചിട്ടുള്ള വികസന തന്ത്രം വിശദമാക്കാമോ ; | സമ്പത്തിന്റെ സന്തുലിതമായ വിതരണം ഉറപ്പുവരുത്തുന്ന സമഗ്ര വികസനത്തിലൂടെ ഒരു നവകേരളം സൃഷ്ടിക്കുവാനുള്ള ഉദ്യമത്തിലാണ് സർക്കാർ വ്യാപൃതമായിരിക്കുന്നത്. ഇതിന് അനുയോജ്യമായ പദ്ധതികളാണ് നിലവിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 29,150 കോടി രൂപയുടെ വാർഷിക പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കാർഷിക മേഖല, പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തൽ, ചെറുകിട വ്യവസായം പരമ്പരാഗത വ്യവസായം മുതലായ മേഖലകൾക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. പാവങ്ങളുടെ ആനുകൂല്യങ്ങൾക്കും സഹായങ്ങൾക്കും മുൻഗണന നൽകുന്ന സമ്പൂർണ്ണ സാമൂഹ്യ സുരക്ഷാപദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ അർഹരായവർക്ക് ക്ഷേമ പെൻഷനുകൾ കൃത്യമായി നൽകുന്നതിനും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. |
| (ബി) | കേന്ദ്ര നയങ്ങൾ സംസ്ഥാന നികുതി വരുമാനത്തിൽ ഇടിവുണ്ടാക്കിയ | സാമൂഹ്യക്ഷേമ രംഗത്തും മൂലധന ചെലവിലും പുരോഗതി കൈവരിക്കാനായി |

| | | |
|---|---|---|
| | സാഹചര്യത്തിൽ സാമൂഹികക്ഷേമ രംഗത്തും മൂലധന ചെലവിലും പുരോഗതി കൈവരിക്കാനായി നടത്തുന്ന ഇടപെടൽ അറിയിക്കാമോ ; | സംസ്ഥാന സർക്കാർ പല ഇടപെടലുകളും നടത്തുന്നുണ്ട്. അതിലേയ്ക്കായി ക്ഷേമ പെൻഷനുകൾ അർഹരായവർക്ക് നൽകുകയും കൂടാതെ പട്ടികജാതി, പട്ടികവർഗ്ഗക്കാർ, ന്യൂനപക്ഷങ്ങൾ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവർക്കുള്ള പദ്ധതികൾക്ക് അർഹമായ വിഹിതം മാറ്റി വച്ചിട്ടുണ്ട്.<br><br>മൂലധന ചെലവിന്റെ ഭാഗമായി ഉൽപാദന പരമായ മേഖലകൾക്ക് (ഉദാ:-) കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം മുതലായ വയ്ക്ക് ആവശ്യമുള്ള തുക 2018-19 വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും കൂടാതെ ആസ്തി വർദ്ധിപ്പിക്കുന്ന മേഖലകളായ പൊതുമരാമത്ത് (റോഡ്, കെട്ടിടം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ) എന്നിവയ്ക്കും വേണ്ട പരിഗണന നൽകിയിട്ടുണ്ട്. |
| (സി) | നാണ്യവിളകളുടെ വിലത്തകർച്ചയും മദ്ധ്യ-പൂർവ്വേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള പണത്തിന്റെ ഒഴുക്കു കുറയാനിടയുള്ള സാഹചര്യവും സാമ്പത്തിക മുരടിപ്പിന് ഇടയാക്കാതിരിക്കാൻ ആസൂത്രണം ചെയ്യുന്ന പരിപാടികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ? | ആഗോള മാന്ദ്യത്തിന്റെയും കൂടാതെ വിദേശ രാജ്യങ്ങൾ ഏർപ്പെടുത്തുന്ന സ്വദേശി വത്ക്കരണത്തിന്റെയും ഭാഗമായി ഗൾഫ് കോ-ഓപ്പറേറ്റീവ് കൗൺസിൽ രാഷ്ട്രങ്ങളിൽ കുടിയേറി തൊഴിൽ ചെയ്തുവരുന്ന പ്രവാസി മലയാളികൾക്ക് വൻതോതിൽ തൊഴിൽ സുരക്ഷിതത്വ മില്ലായ്മ നേരിടേണ്ടി വരുന്നു. ഇതിനുപുറമേ ഇത്തരം രാഷ്ട്രങ്ങളിലെ സാമൂഹ്യ-രാഷ്ട്രീയ സംഭവവികാസങ്ങൾ പ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കുകയും ചെയ്യുന്നു. ഇത്തരം പ്രശ്നങ്ങൾ കാരണം മടങ്ങി യെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി മൂലധനത്തിലും അതിന്റെ പലിശയിലും ഇളവ് അനുവദിച്ചു കൊണ്ട് മടങ്ങിയെത്തുന്ന മലയാളികളുടെ പുനരധിവാസം (NDPREM) എന്ന പദ്ധതി നോർക്ക വകുപ്പ് മുഖേന നടത്തിവരുന്നു. കൂടാതെ അന്തർദേശീയ സാമ്പത്തിക സാഹചര്യങ്ങൾ ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തെക്കാളും പ്രധാനമായും ബാധി ക്കുന്നത് കേരളത്തെയാണ്. കേരളത്തിലെ കാർഷിക അടിത്തറയാക്കുന്ന പ്രധാന വിളകൾ കയറ്റുമതിയുമായി ബന്ധപ്പെട്ട തായതിനാൽ ആഗോള സമ്പദ്ഘടനയിൽ |

| | | |
|---|---|---|
| | | ഇവയ്ക്കുണ്ടാകുന്ന വില വ്യത്യാസങ്ങൾ നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്നു.<br><br>പരമാവധി ഉല്പാദന ക്ഷമത, ലാഭം, പാരിസ്ഥിതിക സംതുലിതാവസ്ഥ എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിര കാർഷിക വികസനത്തിനാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്. ആയതിനാൽ, ആഭ്യന്തര മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ നയങ്ങൾ സംസ്ഥാന സർക്കാർ രൂപീകരിച്ചുവരുന്നു. നാണ്യവിള കളുടെ വിലത്തകർച്ചയും സാമ്പത്തിക പ്രതിസന്ധിയും നേരിടുന്നതിന്റെ ഭാഗമായി ഭക്ഷ്യവിളകൾക്ക് ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നെല്ല്, പച്ചക്കറി, പയർ/കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വിളകൾക്കായി പ്രത്യേക കാർഷിക മേഖലകൾ രൂപീകരിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ